ഭാരത സർക്കാർ
നിയമ മന്ത്രാലയം

# 1969-ലെ വിദേശ വിവാഹ ആക്റ്റ്,

(1969-ലെ 33-ാം ആക്റ്റ്)

(1983 ആഗസ്റ്റ് 1-ാം തീയതി നിലവിലിരുന്നപ്രകാരം)

## The Foreign Marriage Act, 1969
(Act No. 33 of 1969)

(As on 1st August, 1983)

വില:

യൂണിയൻ സർക്കാരിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്,
1986

ഭാരത സർക്കാർ
നിയമ മന്ത്രാലയം

# 1969-ലെ വിദേശ വിവാഹ ആക്റ്റ്,

(1969-ലെ 33-ാം ആക്റ്റ്)

(1983 ആഗസ്റ്റ് 1-ാം തീയതി നിലവിലിരുന്നപ്രകാരം)

## The Foreign Marriage Act, 1969
(Act No. 33 of 1969)

(As on 1st August, 1983)

വില:

യൂണിയൻ സർക്കാരിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്,
1986

# ആമുഖം

1983 ആഗസ്ററ് 1-ാം തീയതി നിലവിലിരിക്കുന്ന പ്രകാരമുള്ള 1969-ലെ വിദേശവിവാഹ ആക്ററിന്റെ (1969-ലെ 23-ാം ആക്ററ്) മലയാളത്തിലെ ആധികാരിക പരിഭാഷ ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 1986 ജൂലൈ 28-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസററ് XI-ാം ഭാഗം 1-ാം വകുപ്പ്, 1-ാം വാല്യം 1-ാം നമ്പരായി ഒന്നു മുതൽ പതിനാലു വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

മലയാളത്തിലെ ഈ ആധികാരിക പരിഭാഷ 1973-ലെ പ്രാധികൃത തർജ്ജമകൾ (കേന്ദ്ര നിയമങ്ങൾ) ആക്ററ്, 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് പ്രസിഡന്റ് അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്ററിന്റെ മലയാളത്തിലെ ആധികാരിക പരിഭാഷയായിത്തീരുകയും ചെയ്തു.

സി. രാമൻ മേനോൻ,
ഭാരത സർക്കാരിന്റെ അഡീഷണൽ സെക്രട്ടറി.

ന്യൂഡൽഹി,
28-7-1986.

# PREFACE

This Edition of the Foreign Marriage Act, 1969 (Act 33 of 1969) as on 1st August, 1983, contains the authorised translation of that Act in Malayalam and the same was published in the Gazette of India Extra ordinary Part XI Section 1, No. I Volume 1 dated 28th July, 1986 on pages 1 to 14.

This authorised translation in Malayalam was puplished under the authority of the President under clause (a) of section 2 of the Authorised Translations (Cenntral Laws) Act, 1973, and on such publication it became the authorised translation of the Act in Malayalam.

C. RAMAN MENON,
*Additional Secretary to the Government of India.*

New Delhi,
28-7-1986.

3736

# 1969—ലെ വിദേശ വിവാഹ ആക്ററ്

## വകുപ്പുകളുടെ വിന്യാസം

### അദ്ധ്യായം I

### പ്രാരംഭികം


| വകുപ്പുകരം | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേര് | .. 1 |
| 2. | നിർവചനങ്ങരം | .. 1 |
| 3. | വിവാഹ ഉദ്യോഗസ്ഥൻ | .. 1 |


### അദ്ധ്യായം II

### വിദേശ വിവാഹങ്ങരം ചടങ്ങുകളനുസരിച്ച് നടത്തികൊടുക്കുന്നത്


| | | |
|---|---|---|
| 4. | വിദേശ വിവാഹങ്ങരം ചടങ്ങുകരം അനുസരിച്ച് നടത്തുന്നതിനുള്ള ഉപാധികരം | .. 2 |
| 5. | ഉദ്ദിഷ്ട വിവാഹത്തിന്റെ നോട്ടീസ് | .. 2 |
| 6. | വിവാഹ നോട്ടീസ് ബുക്ക് | .. 2 |
| 7. | നോട്ടീസ് പ്രസിദ്ധപ്പെടുത്തൽ | .. 2 |
| 8. | വിവാഹത്തിന് എതിരായ ആക്ഷേപം | .. 3 |
| 9. | ആക്ഷേപം ഉന്നയിക്കപ്പെടാത്തപ്പോരം ചടങ്ങനുസരിച്ചുള്ള വിവാഹം നടത്തൽ | .. 3 |
| 10. | ആക്ഷേപം കിട്ടിയതിൻമേലുള്ള നടപടിക്രമം | .. 3 |
| 11. | വിവാഹം തദ്ദേശ നിയമങ്ങരം ലംഘിച്ചുകൊണ്ടുള്ള താകരുതെന്ന് | .. 3 |
| 12. | കക്ഷികളുടേയും സാക്ഷികളുടേയും പ്രഖ്യാപനം | .. 4 |
| 13. | ചടങ്ങനുസരിച്ച് വിവാഹം നടത്തേണ്ട സ്ഥലവും രൂപവും | .. 4 |
| 14. | വിവാഹ സർട്ടിഫിക്കററ് | .. 4 |
| 15. | വിദേശ വിവാഹങ്ങരംക്കു ഇൻഡ്യയിൽ സാധുത | .. 4 |
| 16. | വിവാഹം ആറു മാസത്തിനകം ചടങ്ങനുസരിച്ച് നടത്താത്ത പക്ഷം പുതിയ നോട്ടീസ് | .. 4 |


### അദ്ധ്യായം III

### മററു നിയമങ്ങരംക്കുകീഴിൽ ചടങ്ങനുസരിച്ച് നടത്തപ്പെടുന്ന വിദേശ വിവാഹങ്ങളുടെ രജിസ്ട്രേഷൻ


| | | |
|---|---|---|
| 17. | വിദേശ വിവാഹങ്ങളുടെ രജിസ്ട്രേഷൻ | .. 5 |

## അദ്ധ്യായം IV

### വിദേശ വിവാഹങ്ങൾ സംബന്ധിച്ച ദാമ്പത്യവിഷയകമായ നിവൃത്തി


18. ദാമ്പത്യവിഷയകമായ നിവൃത്തികൾ 1954-ലെ പ്രത്യേക വിവാഹആക്ററിൻ, ൻ കീഴിൽ ആയിരിക്കണമെന്ന് .. 6


## അദ്ധ്യായം V

### ശിക്ഷകൾ


19. ദ്വിഭാര്യത്വത്തിനുള്ള ശിക്ഷ .. 7
20. വിവാഹം സംബന്ധിച്ച മററു ചില ഉപാധികൾ ഉല്ലംഘിക്കുന്നതിനുള്ള ശിക്ഷ .. 8
21. വ്യാജപ്രഖ്യാപനത്തിനുള്ള ശിക്ഷ .. 8
22. വിവാഹ ഉദ്യോഗസ്ഥൻെറ തെററായ നടപടിക്കുള്ള ശിക്ഷ .. 8


## അദ്ധ്യായം VI

### പലവക


23. അന്യരാജ്യങ്ങളിലെ നിയമമനുസരിച്ച് നടത്തിയ വിവാഹങ്ങളുടെ അംഗീകാരം .. 8
24. വിദേശ രാജ്യത്ത് തദ്ദേശ നിയമമനുസരിച്ച് നടത്തപ്പെടുന്ന വിവാഹങ്ങൾ സംബന്ധിച്ച രേഖകളുടെ സർട്ടിഫൈ ചെയ്യൽ .. 8
25. ഉൾക്കുറിപ്പുകളുടെ സർട്ടിഫൈ ചെയ്ത പകർപ്പു തെളിവായിരിക്കുമെന്ന് .. 9
26. തെററുകൾ തിരുത്തൽ .. 9
27. ആക്ററിനു പുറത്തുള്ള വിവാഹങ്ങളുടെ സാധുതയെ ആക്ററ് ബാധിക്കുന്നതല്ലെന്ന് .. 9
28. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം .. 9
29. 1954-ലെ 43-ാം ആക്ററിൻെറ ഭേദഗതി .. 11
30. റദ്ദാക്കൽ .. 11

ഒന്നാം പട്ടിക .. 12
രണ്ടാം പട്ടിക .. 13
മൂന്നാം പട്ടിക .. 14

# 1969—ലെ വിദേശ വിവാഹ ആക്റ്റ്

(1969-ലെ 33-ാം ആക്റ്റ്)

[1969 ആഗസ്റ്റ്, 31]

ഇൻഡ്യയ്ക്കു വെളിയിൽവച്ചു നടക്കുന്ന ഇൻഡ്യൻപൗരൻമാരുടെ വിവാഹം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ്

ഇൻഡ്യാ റിപ്പബ്ലിക്കിന്റെ ഇരുപതാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

## അദ്ധ്യായം I

### പ്രാരംഭികം

1. ഈ ആക്റ്റിന് 1969-ലെ വിദേശവിവാഹ ആക്റ്റ് എന്നു പേരു പറയാവുന്നതാണ്. ചുരുക്കപ്പേര്.

2. ഈ ആക്റ്റിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,— നിർവചനങ്ങൾ

(ക) ''നിരോധിതബന്ധത്തിന്റെ ഡിഗ്രികൾ'' എന്നതിന് 1954-ലെ പ്രത്യേക വിവാഹ ആക്റ്റ്, അതിന് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്; 1954-ലെ 43

(ഖ) ''ജില്ല'' എന്നാൽ, ഒരു വിവാഹ ഉദ്യോഗസ്ഥനെ സംബന്ധിച്ചിടത്തോളം, അദ്ദേഹം ഏതു പ്രദേശത്താണോ തന്റെ ഔദ്യോഗിക കർത്തവ്യം നിർവ്വഹിക്കേണ്ടത് ആ പ്രദേശം എന്നർത്ഥമാകുന്നു;

(ഗ) ''വിദേശരാജ്യം'' എന്നാൽ ഇൻഡ്യയ്ക്കു വെളിയിലുള്ള ഒരു രാജ്യം അല്ലെങ്കിൽ പ്രദേശം എന്നർത്ഥമാകുന്നതും അതിൽ അങ്ങനെയുള്ള രാജ്യത്തിന്റെയോ പ്രദേശത്തിന്റെയോ പ്രാദേശികജലാതിർത്തിയിൽ ആ സമയത്തുള്ള കപ്പൽ ഉൾപ്പെടുന്നതുമാകുന്നു;

(ഘ) ''വിവാഹ ഉദ്യോഗസ്ഥൻ'' എന്നാൽ 3-ാം വകുപ്പിൻകീഴിൽ വിവാഹ ഉദ്യോഗസ്ഥനായി നിയമിക്കപ്പെടുന്ന ആൾ എന്നർത്ഥമാകുന്നു;

(ങ) ''ഔദ്യോഗികവസതി'' എന്നാൽ ഒരു വിവാഹ ഉദ്യോഗസ്ഥനെ സംബന്ധിച്ച്,—

(i) ആ ഉദ്യോഗസ്ഥൻ താമസിക്കുന്ന ഔദ്യോഗികവസതി;

(ii) ആ ഉദ്യോഗസ്ഥന്റെ ഔദ്യോഗിക കാര്യങ്ങൾ നിർവ്വഹിക്കപ്പെടാനുള്ള കാര്യാലയം;

(iii) നിർണ്ണയിക്കപ്പെടുന്ന സ്ഥലങ്ങൾ,

എന്നർത്ഥമാകുന്നു;

(ച) ''നിർണ്ണയിക്കപ്പെടുന്ന'' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്ന് അർത്ഥമാകുന്നു;

3. ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, കേന്ദ്രസർക്കാരിന് അതിന്റെ നയതന്ത്രഉദ്യോഗസ്ഥൻമാരിൽ അല്ലെങ്കിൽ കോൺസുലർ ഉദ്യോഗസ്ഥൻമാരിൽ അതിന് യുക്തമെന്നു തോന്നുന്ന ആരേയും ഏതു വിദേശരാജ്യത്തും വിവാഹ ഉദ്യോഗസ്ഥനായി നിയമിക്കാവുന്നതാണ്. വിവാഹ ഉദ്യോഗസ്ഥൻ.

വിശദീകരണം.—ഈ വകുപ്പിൽ, ''നയതന്ത്ര ഉദ്യോഗസ്ഥൻ'' എന്നാൽ സ്ഥാനപതി, ദൂതൻ, മന്ത്രി, ഹൈക്കമ്മീഷണർ, കമ്മീഷണർ, കാര്യദൂതൻ, മററു നയതന്ത്രപ്രതിനിധി എന്നോ, ഏതെങ്കിലും നയതന്ത്രകാര്യാലയത്തിൻേറയോ ദൗത്യസംഘത്തിൻെറയോ ഹൈക്കമ്മീഷൻേറയോ കൗൺസലർ അല്ലെങ്കിൽ കാര്യദർശി എന്നോ അർത്ഥമാകുന്നു.

## അദ്ധ്യായം II

### വിദേശ വിവാഹങ്ങരം ചടങ്ങുകളനുസരിച്ച് നടത്തിക്കൊടുക്കുന്നത്

വിദേശ വിവാഹങ്ങരം ചടങ്ങുകരം അനുസരിച്ച് നടത്തുന്നതിനുള്ള ഉപാധികരം.

4. വിവാഹിതരാകുവാൻ ആഗ്രഹിക്കുന്നവരിൽ ഒരാളെങ്കിലും ഇൻഡ്യൻ പൗരനാണെങ്കിൽ അവരുടെ വിവാഹം വിദേശത്തുവച്ച് ഈ ആക്ററിൻകീഴിൽ ചടങ്ങുകളനുസരിച്ച് വിവാഹ ഉദ്യോഗസ്ഥൻ നടത്തുകയോ വിവാഹ ഉദ്യോഗസ്ഥൻ മുമ്പാകെ നടത്തപ്പെടുകയോ ചെയ്യാവുന്നതാണ്. എന്നാൽ അപ്രകാരം ചെയ്യുന്നത് താഴെ പറയുന്ന ഉപാധികരംക്ക് വിധേയമായിട്ടായിരിക്കണം, അതായത് വിവാഹ സമയത്ത്,—

(ക) കക്ഷികളിൽ വരന് ഭാര്യയോ വധുവിന് ഭർത്താവോ ജീവിച്ചിരിപ്പുണ്ടാകരുത്;

(ഖ) ഒരു കക്ഷിയും ജഡബുദ്ധിയോ ചിത്തഭ്രമമുള്ള ആളോ ആകരുത്;

(ഗ) വരന് ഇരുപത്തിയൊന്നു വയസ്സും വധുവിന് പതിനെട്ടു വയസ്സും പൂർത്തിയായിരിക്കണം;

(ഘ) കക്ഷികരം നിരോധിതബന്ധത്തിൻെറ ഡിഗ്രികളിൽപ്പെട്ടവരായിരിക്കരുത്:

എന്നാൽ, കക്ഷികളിൽ ഒരാരംക്കെങ്കിലും ബാധകമായ വ്യക്തിനിയമമോ ആചാരമോ അനുവദിക്കുന്നിടത്ത് അവർ നിരോധിത ബന്ധത്തിൻെറ ഡിഗ്രികളിൽപ്പെടുന്നവരാണെങ്കിൽത്തന്നെയും അവരുടെ വിവാഹം ചടങ്ങനുസരിച്ച് നടത്താവുന്നതാണ്.

ഉദ്ദിഷ്ട വിവാഹത്തിൻെറ നോട്ടീസ്.

5. ഒരു വിവാഹം ഈ ആക്ററിൻകീഴിൽ ചടങ്ങനുസരിച്ച് നടത്താൻ ഉദ്ദേശിക്കുമ്പോരം, വിവാഹ കക്ഷികരം ഒന്നാം പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള ഫാറത്തിൽ അതുസംബന്ധിച്ച നോട്ടീസ്, അങ്ങനെയുള്ള നോട്ടീസ് നൽകുന്ന തീയതിക്കു തൊട്ടുമുമ്പ് മുപ്പതുദിവസത്തിൽ കുറയാത്തകാലം വിവാഹകക്ഷികളിലൊരാളെങ്കിലും താമസിച്ചിരുന്ന ജില്ലയിലെ വിവാഹ ഉദ്യോഗസ്ഥന് രേഖാമൂലം നൽകേണ്ടതും കക്ഷി അപ്രകാരം താമസിച്ചിട്ടുണ്ടെന്ന് നോട്ടീസിൽ പ്രസ്താവിച്ചിരിക്കേണ്ടതുമാകുന്നു.

വിവാഹ നോട്ടീസ് ബുക്ക്.

6. വിവാഹ ഉദ്യോഗസ്ഥൻ 5-ാം വകുപ്പിൻകീഴിൽ നല്കപ്പെടുന്ന എല്ലാ നോട്ടീസുകളും തൻെറ ആഫീസിലെ റിക്കാർഡുകളോടൊപ്പം വയ്ക്കേണ്ടതും, അങ്ങനെയുള്ള ഏതൊരു നോട്ടീസിൻെറയും ശരിയായ പകർപ്പ് ആ ആവശ്യത്തിലേക്ക് നിർണ്ണയിക്കപ്പെടുന്ന ''വിവാഹ നോട്ടീസ് ബുക്ക്'' എന്നു പേർ പറയേണ്ട ഒരു ബുക്കിൽ ഉടനടി ചേർക്കേണ്ടതും, അങ്ങനെയുള്ള ബുക്ക്, അതു പരിശോധിക്കുവാൻ ആഗ്രഹിക്കുന്ന ഏതൊരാരംക്കും യാതൊരു ഫീസും കൂടാതെ ന്യായമായ എല്ലാ സമയങ്ങളിലും പരിശോധനയ്ക്ക് പ്രാപ്യമാക്കേണ്ടതും ആകുന്നു.

നോട്ടീസ് പ്രസിദ്ധപ്പെടുത്തൽ.

7. 5-ാം വകുപ്പിൻകീഴിൽ ഒരു നോട്ടീസ് വിവാഹ ഉദ്യോഗസ്ഥന് നൽകപ്പെടുന്നിടത്ത്, അദ്ദേഹം—

(ക) അതിൻെറ ഒരു പകർപ്പ് തൻെറ ആഫീസിൽ ശ്രദ്ധയാകർഷിക്കത്തക്ക ഒരു സ്ഥലത്ത് പതിച്ചും,

(ഖ) ഇൻഡ്യയിലും കക്ഷികരം സാധാരണ ഗതിയിൽ താമസിക്കുന്ന രാജ്യത്തും അഥവാ രാജ്യങ്ങളിലും നിർണ്ണയിക്കപ്പെടുന്ന രീതിയിലും, പ്രസിദ്ധപ്പെടുത്തുന്നതിന് ഇടയാക്കേണ്ടതാകുന്നു.

**വിവാഹത്തിന് എതിരായ ആക്ഷേപം.**

8. (1) 7-ാം വകുപ്പിൻകീഴിലുള്ള നോട്ടീസ് പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ മുപ്പതുദിവസം അവസാനിക്കുന്നതിനു മുമ്പ്, 4-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ഉപാധികളിൽ ഒന്നോ അതിൽ കൂടുതലോ ഉല്ലംഘിക്കപ്പെടുമെന്ന കാരണത്തിൻമേൽ, വിവാഹത്തിന് എതിരായി ഏതൊരാൾക്കും ആക്ഷേപമുന്നയിക്കാവുന്നതാണ്.

വിശദീകരണം.—7-ാം വകുപ്പ് (ക) ഖണ്ഡത്തിൻകീഴിൽ പതിച്ചതു വഴി പ്രസിദ്ധപ്പെടുത്തിയതും ആ വകുപ്പിന്റെ (ഖ) ഖണ്ഡത്തിൻകീഴിൽ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ പ്രസിദ്ധപ്പെടുത്തിയതും വ്യത്യസ്ത തീയതികളിലാണെങ്കിൽ, ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക് മുപ്പതു ദിവസക്കാലം, ഒടുവിലത്തെ തീയതി മുതൽ കണക്കാക്കേണ്ടതാണ്.

(2) അങ്ങനെയുള്ള ഓരോ ആക്ഷേപവും രേഖാമൂലമായിരിക്കേണ്ടതും ആക്ഷേപമുന്നയിക്കുന്ന ആളോ അയാൾക്കുവേണ്ടി ഒപ്പിടാൻ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ആളോ അതിൽ ഒപ്പിട്ടിരിക്കേണ്ടതും, ആക്ഷേപമുന്നയിക്കുന്നതിനുള്ള കാരണങ്ങൾ പ്രസ്താവിച്ചിരിക്കേണ്ടതും; വിവാഹ ഉദ്യോഗസ്ഥൻ തന്റെ വിവാഹനോട്ടീസ് ബുക്കിൽ ആക്ഷേപത്തിന്റെ സ്വഭാവം രേഖപ്പെടുത്തേണ്ടതും ആകുന്നു.

**ആക്ഷേപം ഉന്നയിക്കപ്പെടാത്തപ്പോൾ ചടങ്ങനുസരിച്ചുള്ള വിവാഹം നടത്തൽ.**

9. ഉദ്ദിഷ്ടവിവാഹം സംബന്ധിച്ച് 8-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള കാലയളവിനുള്ളിൽ യാതൊരാക്ഷേപവും ഉന്നയിക്കപ്പെടുന്നില്ലെങ്കിൽ ആ കാലയളവ് അവസാനിക്കുന്നതോടെ, വിവാഹം ചടങ്ങനുസരിച്ച് നടത്താവുന്നതാണ്.

**ആക്ഷേപം കിട്ടിയതിൻമേലുള്ള നടപടിക്രമം.**

10. (1) ഉദ്ദിഷ്ട വിവാഹത്തിന് എതിരായി 8-ാം വകുപ്പിൻകീഴിൽ ആക്ഷേപം ഉന്നയിക്കപ്പെടുന്നപക്ഷം, വിവാഹ ഉദ്യോഗസ്ഥൻ തനിക്കു യുക്തമെന്നു തോന്നുന്ന രീതിയിൽ ആക്ഷേപത്തിന്റെ വിഷയത്തെക്കുറിച്ച് അന്വേഷണവിചാരണ നടത്തുകയും ആക്ഷേപസംഗതി വിവാഹം ചടങ്ങനുസരിച്ച് നടത്തുന്നതിന് തടസ്സമാകുന്നില്ലെന്ന് അദ്ദേഹത്തിന് ബോദ്ധ്യമാവുകയും ചെയ്യുന്നതുവരേയൊ ആക്ഷേപമുന്നയിക്കുന്ന ആൾ അതു പിൻവലിക്കുന്നതുവരേയോ വിവാഹം ചടങ്ങനുസരിച്ച് നടത്തിക്കൊടുക്കുവാൻ പാടുള്ളതല്ല.

(2) അങ്ങനെയുള്ള ഏതെങ്കിലും അന്വേഷണവിചാരണ നടത്തിയശേഷം ഒരു വിവാഹ ഉദ്യോഗസ്ഥന് ഏതെങ്കിലും ആക്ഷേപം സംബന്ധിച്ച് സംശയം തോന്നുന്നിടത്ത്, ആ സംഗതി സംബന്ധിച്ച രേഖ അദ്ദേഹത്തിന് യുക്തമെന്നു തോന്നുന്ന സ്റ്റേററുമെൻറ്സഹിതം കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതും, കേന്ദ്രസർക്കാർ അക്കാര്യം സംബന്ധിച്ച് അതിനു യുക്തമെന്നുതോന്നുന്ന കൂടുതൽ അന്വേഷണവിചാരണ നടത്തുകയും വേണ്ട ഉപദേശം നേടുകയും ചെയ്ത ശേഷം, അതിൻമേലുള്ള തീരുമാനം വിവാഹ ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതും അദ്ദേഹം കേന്ദ്രസർക്കാരിന്റെ തീരുമാനത്തിനു അനുരൂപമായി പ്രവർത്തിക്കേണ്ടതും ആകുന്നു.

**വിവാഹം തദ്ദേശ നിയമങ്ങൾ ലംഘിച്ചുകൊണ്ടുള്ളതാകരുതെന്ന്.**

11. (1) ഏതു വിദേശരാജ്യത്തുവച്ചാണോ വിവാഹം ചടങ്ങനുസരിച്ച് നടത്തുവാനുദ്ദേശിക്കുന്നത് ആ വിദേശരാജ്യത്ത് പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താൽ ഉദ്ദിഷ്ടവിവാഹം നിരോധിക്കപ്പെട്ടിട്ടുള്ളപക്ഷം, വിവാഹ ഉദ്യോഗസ്ഥന് കാരണങ്ങൾ ലിഖിതമായി രേഖപ്പെടുത്തിയിട്ട്, ഈ ആക്ററിൻകീഴിൽ വിവാഹം ചടങ്ങനുസരിച്ച് നടത്തുന്നതിന് വിസമ്മതിക്കാവുന്നതാണ്.

(2) വിവാഹം ചടങ്ങനുസരിച്ച് നടത്തുന്നത് അന്താരാഷ്ട്രനിയമത്തിനോ രാജ്യങ്ങൾ തമ്മിലുള്ള സുഹൃദ്ബന്ധത്തിനോ അസംഗതമാണെന്ന് വിവാഹ ഉദ്യോഗസ്ഥന് അഭിപ്രായമുള്ളപക്ഷം, കാരണങ്ങൾ രേഖപ്പെടുത്തിയിട്ട് ഈ ആക്ററിൻകീഴിൽ വിവാഹം ചടങ്ങനുസരിച്ച് നടത്തുന്നതിന് വിസമ്മതിക്കാവുന്നതാണ്.

(3) ഒരു വിവാഹ ഉദ്യോഗസ്ഥൻ ഈ വകുപ്പിൻകീഴിൽ ഒരു വിവാഹം ചടങ്ങനുസരിച്ച് നടത്തുന്നതിന് വിസമ്മതിക്കുന്നിടത്ത്, അങ്ങനെ വിസമ്മതിച്ച തീയതി മുതൽ മുപ്പതു ദിവസക്കാലത്തിനുള്ളിൽ ഉദ്ദിഷ്ട വിവാഹത്തിലെ ഏതെങ്കിലും കക്ഷിക്ക് നിർണ്ണയിക്കപ്പെടുന്ന രീതിയിൽ കേന്ദ്രസർക്കാരിന് അപ്പീൽ കൊടുക്കാവുന്നതും, അങ്ങനെയുള്ള അപ്പീലിൻമേൽ കേന്ദ്രസർക്കാരിന്റെ തീരുമാനത്തിന് അനുരൂപമായി വിവാഹ ഉദ്യോഗസ്ഥൻ പ്രവർത്തിക്കേണ്ടതും ആകുന്നു.

**കക്ഷികളുടേയും സാക്ഷികളുടേയും പ്രഖ്യാപനം.**

12. വിവാഹം ചടങ്ങനുസരിച്ച് നടത്തുന്നതിന് മുമ്പ് കക്ഷികളും മൂന്നു സാക്ഷികളും, വിവാഹ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽവച്ച് ഈ ആക്റ്റിന്റെ രണ്ടാം പട്ടികയിൽ വിനിർദ്ദേശിച്ച ഫാറത്തിലുള്ള ഒരു പ്രഖ്യാപനം ഒപ്പുവയ്ക്കേണ്ടതും ആ പ്രഖ്യാപനത്തിൽ വിവാഹ ഉദ്യോഗസ്ഥൻ മേലൊപ്പുവയ്ക്കേണ്ടതും ആകുന്നു.

**ചടങ്ങനുസരിച്ച് വിവാഹം നടത്തേണ്ട സ്ഥലവും രൂപവും.**

13. (1) ഈ ആക്റ്റിൻകീഴിൽ വിവാഹ ഉദ്യോഗസ്ഥൻ നടത്തുന്നതോ അദ്ദേഹത്തിന്റെ മുമ്പാകെ നടത്തപ്പെടുന്നതോ ആയ ഒരു വിവാഹം വിവാഹ ഉദ്യോഗസ്ഥന്റെ ഔദ്യോഗിക വസതിയിൽ നിർണ്ണയിക്കപ്പെടുന്ന സമയങ്ങൾക്കുള്ളിൽ വാതിലുകൾ തുറന്നിട്ടുകൊണ്ട് മൂന്നു സാക്ഷികളുടെയെങ്കിലും സാന്നിദ്ധ്യത്തിൽ ചടങ്ങനുസരിച്ച് നടത്തേണ്ടതാണ്.

(2) വിവാഹം കക്ഷികൾ ഐച്ഛികമായി സ്വീകരിക്കുന്ന ഏതു വിവാഹ രൂപത്തിലും ചടങ്ങനുസരിച്ച് നടത്താവുന്നതാണ്;

എന്നാൽ വിവാഹ ഉദ്യോഗസ്ഥന്റേയും മൂന്നു സാക്ഷികളുടേയും സാന്നിദ്ധ്യത്തിൽവച്ച് ഇരു കക്ഷികൾക്കും മനസ്സിലാകുന്ന ഏതെങ്കിലും ഭാഷയിൽ ഓരോ കക്ഷിയും മറേറ കക്ഷിയോട്,—''(ക) എന്ന ഞാൻ (ഖ) എന്ന നിന്നെ എന്റെ നിയമാനുസൃത ഭാര്യയായി (ഭർത്താവായി) സ്വീകരിക്കുന്നു '' എന്നുപ്രഖ്യാപിച്ചാലല്ലാതെ വിവാഹം പൂർണ്ണമോ കക്ഷികൾക്ക് നിബദ്ധമോ ആയിരിക്കുന്നതല്ല:

എന്നു മാത്രമല്ല മുൻപരിമിതി വ്യവസ്ഥയിൽ പരാമർശിച്ചിട്ടുള്ള പ്രഖ്യാപനം വിവാഹ ഉദ്യോഗസ്ഥനോ സാക്ഷികളിലാർക്കെങ്കിലുമോ മനസ്സിലാകാത്ത ഭാഷയിലാണ് നടത്തുന്നതെങ്കിൽ, കക്ഷികളിലാരെങ്കിലും പ്രഖ്യാപനം, വിവാഹ ഉദ്യോഗസ്ഥനോ സാക്ഷികൾക്കോ, അതതു സംഗതിപോലെ, മനസ്സിലാകുന്ന ഭാഷയിൽ പരിഭാഷപ്പെടുത്തിക്കൊടുക്കുകയോ പരിഭാഷപ്പെടുത്തിക്കൊടുപ്പിക്കുകയോ ചെയ്യേണ്ടതാണ്.

**വിവാഹ സർട്ടിഫിക്കററ്.**

14. (1) ഈ ആക്റ്റിൻകീഴിൽ വിവാഹം ചടങ്ങനുസരിച്ച് നടത്തുമ്പോഴെല്ലാം, വിവാഹ ഉദ്യോഗസ്ഥൻ അതു സംബന്ധിച്ച് മൂന്നാം പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള ഫാറത്തിൽ ഒരു സർട്ടിഫിക്കററ് ആ ആവശ്യത്തിനായി വച്ചിട്ടുള്ളതും ''വിവാഹ സർട്ടിഫിക്കററ് ബുക്ക്'' എന്നു പറയപ്പെടേണ്ടതുമായ ഒരു പുസ്തകത്തിൽ എഴുതി ചേർക്കേണ്ടതും, അങ്ങനെയുള്ള സർട്ടിഫിക്കററിൽ വിവാഹ കക്ഷികളും സാക്ഷികൾ മൂന്നു പേരും ഒപ്പിടേണ്ടതും ആകുന്നു.

(2) വിവാഹ ഉദ്യോഗസ്ഥൻ വിവാഹ സർട്ടിഫിക്കററ് ബുക്കിൽ ഒരു സർട്ടിഫിക്കററ് എഴുതിച്ചേർക്കുന്നതോടെ, ഈ ആക്റ്റിൻകീഴിൽ ഒരു വിവാഹം ചടങ്ങനുസരിച്ച് നടത്തിയിട്ടുണ്ട് എന്നതിനും ബന്ധപ്പെട്ട കക്ഷിയുടെ വിവാഹത്തിനു മുമ്പുള്ള വാസസ്ഥലം സംബന്ധിച്ചും സാക്ഷികളുടെ ഒപ്പു സംബന്ധിച്ചുമുള്ള എല്ലാ നടപടികളും പാലിക്കപ്പെട്ടു എന്നതിനും ഉള്ള നിശ്ചായകത്തെളിവായി ആ സർട്ടിഫിക്കററ് കരുതപ്പെടേണ്ടതാണ്.

**വിദേശ വിവാഹങ്ങൾക്കു ഇൻഡ്യയിൽ സാധുത.**

15. ഈ ആക്റ്റിലടങ്ങിയിട്ടുള്ള മററ് വ്യവസ്ഥകൾക്ക് വിധേയമായി, ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ചടങ്ങനുസരിച്ച് നടത്തപ്പെടുന്ന ഒരു വിവാഹം നിയമാനുസൃതവും നിയമ സാധുതയുള്ളതും ആയിരിക്കുന്നതാണ്.

**വിവാഹം ആറു മാസത്തിനകം ചടങ്ങനുസരിച്ച് നടത്താത്തപക്ഷം പുതിയനോട്ടീസ്.**

16. 5—ാം വകുപ്പിൽ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം വിവാഹ ഉദ്യോഗസ്ഥന് നോട്ടീസ് നൽകിയ തീയതി മുതൽ ആറുമാസത്തിനകമോ ഏതെങ്കിലും കേസ്സിന്റെ റിക്കാർഡ് 10—ാം വകുപ്പിൻകീഴിൽ കേന്ദ്രസർക്കാരിന് അയച്ചിരിക്കുകയോ അല്ലെങ്കിൽ 11—ാം വകുപ്പിൻകീഴിൽ കേന്ദ്രസർക്കാരിന് ഒരു അപ്പീൽ ബോധിപ്പിച്ചിരിക്കുകയോ ചെയ്തിട്ടുള്ളിടത്ത്, അതതു

സംഗതിപോലെ, അങ്ങനെയുള്ള സംഗതിയിലോ അപ്പീലിലോ കേന്ദ്രസർക്കാരിൻെറ തീരുമാനമുണ്ടായ തീയതി മുതൽ മൂന്നു മാസത്തിനകമോ ഒരു വിവാഹം ചടങ്ങനുസരിച്ച് നടത്തപ്പെടാതിരിക്കുമ്പോഴെല്ലാം നോട്ടീസും അതിനെ തുടർന്നുള്ള എല്ലാ നടപടികളും ലാപ്സായതായി കരുതപ്പെടേണ്ടതും, ഈ ആക്ററിൽ വ്യവസ്ഥ ചെയ്ത പ്രകാരം പുതിയ ഒരു നോട്ടീസ് നൽകപ്പെടുന്നതുവരെ ഒരു വിവാഹ ഉദ്യോഗസ്ഥനും ആ വിവാഹം ചടങ്ങനുസരിച്ച് നടത്തിക്കൊടുക്കാൻ പാടില്ലാത്തതുമാകുന്നു.

## അദ്ധ്യായം III

### മററു നിയമങ്ങൾക്കുകീഴിൽ ചടങ്ങനുസരിച്ച് നടത്തപ്പെടുന്ന വിദേശ വിവാഹങ്ങളുടെ രജിസ്ട്രേഷൻ

വിദേശ വിവാഹങ്ങളുടെ രജിസ്ട്രേഷൻ.

17. (1) (ക) വിവാഹം ഏതെങ്കിലും വിദേശ രാജ്യത്ത് ആ രാജ്യത്തെ നിയമമനുസരിച്ച് യഥാവിധി നടത്തപ്പെട്ടതാണെന്നും വിവാഹത്തിലെ കക്ഷികളിൽ ഒരാളെങ്കിലും ഇൻഡ്യൻ പൗരനാണെന്നും വിവാഹ ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെടുകയും,

(ഖ) വിവാഹകക്ഷികളിലൊരാൾ വിവാഹം ഈ വകുപ്പിൻ കീഴിൽ രജിസ്ററർ ചെയ്തു കിട്ടുവാൻ ആഗ്രഹിക്കുന്നുവെന്ന് വിവാഹ ഉദ്യോഗസ്ഥനെ രേഖാമൂലം അറിയിക്കുകയും, ചെയ്താൽ, നിർണ്ണയിക്കപ്പെട്ട ഫീസ് ഒടുക്കുന്നതിൻമേൽ, വിവാഹ ഉദ്യോഗസ്ഥന് വിവാഹം രജിസ്ററർ ചെയ്യാവുന്നതാണ്.

(2) വിവാഹം രജിസ്ററർ ചെയ്യുന്ന സമയത്ത് 4-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഉപാധികൾ നിറവേററിയിട്ടില്ലെങ്കിൽ യാതൊരു വിവാഹവും ഈ വകുപ്പിൻകീഴിൽ രജിസ്ററർ ചെയ്യാൻ പാടുള്ളതല്ല.

(3) ഏതെങ്കിലും വിവാഹം അന്താരാഷ്ട്ര നിയമത്തിനോ രാഷ്ട്രങ്ങൾ തമ്മിലുള്ള സുഹൃദ്ബന്ധത്തിനോ അസംഗതമാണെന്ന് വിവാഹ ഉദ്യോഗസ്ഥന് അഭിപ്രായമുണ്ടെങ്കിൽ അക്കാരണത്തിൻമേൽ, അദ്ദേഹത്തിന്, കാരണങ്ങൾ ലിഖിതമായി രേഖപ്പെടുത്തിയശേഷം, ഈ വകുപ്പിൻകീഴിൽ വിവാഹം രജിസ്ററർ ചെയ്യുന്നതിന് വിസമ്മതിക്കാവുന്നതാണ്.

(4) ഈവകുപ്പിൻ കീഴിൽ വിവാഹം രജിസ്ററർ ചെയ്യാൻ വിവാഹ ഉദ്യോഗസ്ഥൻ വിസമ്മതിക്കുന്നിടത്ത് അങ്ങനെ വിസമ്മതിക്കുന്ന തീയതി മുതൽ മുപ്പതു ദിവസക്കാലത്തിനകം രജിസ്ട്രേഷനുവേണ്ടി അപേക്ഷിച്ച കക്ഷിക്ക് കേന്ദ്ര സർക്കാരിന് അപ്പീൽ ബോധിപ്പിക്കാവുന്നതും, അങ്ങനെയുള്ള അപ്പീലിൻമേൽ കേന്ദ്രസർക്കാരിൻെറ തീരുമാനത്തിനനുരൂപമായി വിവാഹ ഉദ്യോഗസ്ഥൻ പ്രവർത്തിക്കേണ്ടതും ആകുന്നു.

(5) നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും നിർണ്ണയിക്കപ്പെടുന്ന രീതിയിലും വിവാഹ സർട്ടിഫിക്കററുബുക്കിൽ വിവാഹം സംബന്ധിച്ച് ഒരു സർട്ടിഫിക്കററ് എഴുതിച്ചേർത്ത് വിവാഹ ഉദ്യോഗസ്ഥൻ ഈ വകുപ്പിൻ കീഴിൽ വിവാഹത്തിൻെറ രജിസ്ട്രേഷൻ നടത്തേണ്ടതും അങ്ങനെയുള്ള സർട്ടിഫിക്കററിൽ വിവാഹ കക്ഷികളും മൂന്നു സാക്ഷികളും ഒപ്പിടേണ്ടതും ആകുന്നു.

(6) ഈവകുപ്പിൻ കീഴിൽ രജിസ്ററർ ചെയ്യപ്പെടുന്ന വിവാഹം രജിസ്ററർ ചെയ്ത തീയതി മുതൽ ഈ ആക്ററിൻ കീഴിൽ ചടങ്ങനുസരിച്ച് നടത്തപ്പെട്ടതായി കരുതേണ്ടതാണ്.

## അദ്ധ്യായം IV

### വിദേശ വിവാഹങ്ങൾ സംബന്ധിച്ച ദാമ്പത്യവിഷയകമായ നിവൃത്തി

ദാമ്പത്യവിഷയകമായ നിവൃത്തികൾ 1954-ലെ പ്രത്യേക വിവാഹആക്റ്റിൻ കീഴിൽ ആയിരിക്കണമെന്ന്.

18. (1) ഈ വകുപ്പിലടങ്ങിയിട്ടുള്ള മററു വ്യവസ്ഥകൾക്ക് വിധേയമായി, 1954–ലെ പ്രത്യേക വിവാഹ ആക്റ്റ്, IV, V, VI, VII എന്നീ അദ്ധ്യായങ്ങളിലെ വ്യവസ്ഥകൾ ആ ആക്റ്റിൻകീഴിൽ ചടങ്ങനുസരിച്ച് നടത്തപ്പെടുന്ന വിവാഹങ്ങൾക്ക് ബാധകമാകുന്നതുപോലെ ഈ ആക്റ്റിൻകീഴിൽ ചടങ്ങനുസരിച്ച് നടത്തപ്പെടുന്ന വിവാഹങ്ങൾക്കും കക്ഷികളിലൊരാളെങ്കിലും ഇൻഡ്യൻ പൗരനായിരുന്നതും വിദേശത്തുവച്ച് ചടങ്ങനുസരിച്ച് നടത്തപ്പെട്ടതും ആയ മററു വിവാഹങ്ങൾക്കും ബാധകമാകുന്നതാണ്.

1954-ലെ 43.

വിശദീകരണം.—1954-ലെ പ്രത്യേക വിവാഹ ആക്റ്റ്, 24-ാം വകുപ്പ് ഈ ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള വിവാഹങ്ങൾക്ക് ബാധകമാകുമ്പോൾ അത് താഴെ പറയുന്ന ഭേദഗതികൾക്കു വിധേയമായിരിക്കുന്നതാണ്, അതായത്:—

(i) അതിന്റെ (1)-ാം ഉപവകുപ്പിൽ, ആ ആക്റ്റിലെ 4-ാം വകുപ്പ് (ക), (ഖ), (ഗ), (ഘ) എന്നീ ഖണ്ഡങ്ങൾ സംബന്ധിച്ച പരാമർശം ഈ ആക്റ്റിന്റെ 4-ാം വകുപ്പിലെ യഥാക്രമം (ക), (ഖ), (ഗ), (ഘ) എന്നീ ഖണ്ഡങ്ങൾ സംബന്ധിച്ച പരാമർശമായി കരുതപ്പെടേണ്ടതാണ്;

(ii) മുൻപറഞ്ഞ 24-ാം വകുപ്പിലുള്ള യാതൊന്നും—

(ക) ഈ ആക്റ്റിൻകീഴിൽ ചടങ്ങനുസരിച്ച് നടത്തപ്പെട്ടതല്ലാത്തതോ;

(ഖ) 17-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ഈ ആക്റ്റിൻകീഴിൽ ചടങ്ങനുസരിച്ച് നടത്തപ്പെട്ടതായി കരുതുന്നതോ,

ആയ ഒരു വിവാഹത്തിനും ബാധകമാകുന്നതല്ല:

എന്നാൽ (ഖ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള തരത്തിലുള്ള വിവാഹത്തിന്റെ രജിസ്ട്രേഷൻ 17-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് ഉല്ലംഘിച്ചുകൊണ്ടുള്ളതാണെങ്കിൽ അതിന് യാതൊരു പ്രഭാവവുമുണ്ടായിരിക്കുന്നതല്ലെന്നു പ്രഖ്യാപിക്കാവുന്നതാണ്.

1954-ലെ 43.

(2) (1)–ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള വിവാഹങ്ങൾക്ക് ബാധകമാക്കിയ പ്രകാരമുള്ള 1954-ലെ പ്രത്യേക വിവാഹ ആക്റ്റിന്റെ V-ം VI-ം അദ്ധ്യായങ്ങളുടെ കീഴിലുള്ള നിവൃത്തിക്കുവേണ്ടി നൽകുന്ന ഓരോ ഹർജിയും ബോധിപ്പിക്കേണ്ടത്, ഏത് ജില്ലാ കോടതിയുടെ സാധാരണ സിവിൽ അധികാരിതയുടെ പ്രാദേശിക പരിധികൾക്കുള്ളിലാണോ—

(ക) ഹർജി ബോധിപ്പിക്കുന്ന സമയത്ത് എതിർകക്ഷി താമസിക്കുന്നത്; അഥവാ

(ഖ) ഭർത്താവും ഭാര്യയും ഏററവും ഒടുവിൽ ഒരുമിച്ച് താമസിച്ചത്; അഥവാ

(ഗ) ഹർജി ബോധിപ്പിക്കുന്ന സമയത്ത് എതിർകക്ഷി ഇൻഡ്യയ്ക്ക് പുറത്താണ് താമസമെങ്കിൽ, ഹർജിക്കാരൻ താമസിക്കുന്നത്;

ആ കോടതിയിലായിരിക്കുന്നതാണ്.

1954-ലെ 43.

വിശദീകരണം.—ഈ വകുപ്പിൽ "ജില്ലാ കോടതി"ക്ക് 1954-ലെ പ്രത്യേക വിവാഹ ആക്റ്റിൽ നൽകിയിട്ടുള്ള അർത്ഥം തന്നെയാകുന്നു.

(3) ഈ വകുപ്പിലടങ്ങിയിട്ടുള്ള യാതൊന്നും—

(ക) (i) ഹർജി ബോധിപ്പിക്കുന്ന സമയം വിവാഹകക്ഷികൾ ഇൻഡ്യയിൽ അധിവാസമുള്ളവരായിരിക്കുകയോ; അല്ലെങ്കിൽ

(ii) ഹർജി നൽകുന്നയാൾ ഭാര്യയായിരിക്കുന്നിടത്ത് ഹർജിക്കാരി വിവാഹത്തിനു തൊട്ടുമുൻപ് ഇൻഡ്യയിൽ അധിവാസമുണ്ടായിരുന്നവളായിരിക്കുകയും ഹർജി ബോധിപ്പിക്കുന്നതിനു തൊട്ടു മുൻപ് മൂന്നുവർഷത്തിൽ കുറയാത്തകാലം ഇൻഡ്യയിൽ താമസിച്ചിരുന്നിരിക്കുകയും ചെയ്യുകയോ,

ചെയ്യുന്നിടത്തൊഴികെ, വിവാഹവിഘടനത്തിനുള്ള ഏതെങ്കിലും വിധി നൽകുന്നതിനോ;

(ഖ) (i) ഹർജി ബോധിപ്പിക്കുന്ന സമയത്ത് വിവാഹകക്ഷികൾ ഇൻഡ്യയിൽ അധിവാസമുള്ളവരോ; അല്ലെങ്കിൽ

(ii) വിവാഹം ഈ ആക്റ്റിൻകീഴിൽ ചടങ്ങനുസരിച്ച് നടത്തപ്പെട്ടിരിക്കുകയും ഹർജിനൽകുന്നയാൾ ഭാര്യയായിരിക്കുകയും ചെയ്യുന്നിടത്ത്, ഹർജി ബോധിപ്പിക്കുന്നതിനു തൊട്ടുമുൻപ് മൂന്നുവർഷക്കാലം ഹർജിക്കാരി സാധാരണമായി ഇൻഡ്യയിൽ താമസിച്ചുവന്നിരുന്ന ആളോ,

ആയിട്ടുള്ളിടത്തൊഴികെ, ശൂന്യമാക്കാവുന്ന ഒരു വിവാഹം റദ്ദു ചെയ്തുകൊണ്ടുള്ള ഏതെങ്കിലും വിധി നൽകുന്നതിനോ;

(ഗ) (i) ഹർജി ബോധിപ്പിക്കുന്ന സമയം വിവാഹകക്ഷികളിൽ ഒരാളെങ്കിലും ഇൻഡ്യയിൽ അധിവാസമുള്ളയാളോ; അല്ലെങ്കിൽ

(ii) വിവാഹം ഈ ആക്റ്റിൻകീഴിൽ ചടങ്ങനുസരിച്ച് നടത്തപ്പെട്ടിരിക്കുകയും ഹർജി ബോധിപ്പിക്കുന്ന സമയത്ത് ഹർജിക്കാരൻ ഇൻഡ്യയിൽ താമസിച്ചുവരുന്ന ആളോ;

ആയിട്ടുള്ളിടത്തൊഴികെ ശൂന്യമായ വിവാഹം സംബന്ധിച്ച് ഒരു അകൃതതാവിധി നൽകുന്നതിനോ;

(ഘ) ഹർജി നൽകുന്ന സമയം ഹർജിക്കാരൻ ഇൻഡ്യയിൽ താമസമാണെങ്കിലല്ലാതെ 1954-ലെ പ്രത്യേക വിവാഹനിയമം, അദ്ധ്യായം V-ന്റെയോ VI-ന്റെയോ കീഴിൽ മററ് ഏതെങ്കിലും നിവൃത്തി അനുവദിക്കുന്നതിനോ 1954-ലെ 43

യാതൊരു കോടതിയേയും അധികാരപ്പെടുത്തുന്നില്ല.

(4) (1)-ാം ഉപവകുപ്പിലടങ്ങിയിട്ടുള്ള യാതൊന്നും ഒരു വിദേശരാജ്യത്തുവച്ച് ഈ ആക്റ്റിൻകീഴിലല്ലാതെ ചടങ്ങനുസരിച്ച് നടത്തപ്പെട്ട ഏതെങ്കിലും വിവാഹത്തിന്റെ സംഗതിയിൽ അങ്ങനെയുള്ള വിവാഹം സംബന്ധിച്ച് (1954-ലെ പ്രത്യേക വിവാഹ ആക്റ്റിൽ നിർദ്ദേശിച്ചിട്ടുള്ള കാരണങ്ങളിൻമേലോ, മററു വിധത്തിലോ) ഏതെങ്കിലും നിവൃത്തി നൽകുന്നതിന് തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള വിവാഹം സംബന്ധിച്ച് ഈ ആക്റ്റിൻകീഴിൽ ഏതെങ്കിലും നിവൃത്തി നൽകുന്നതിന് യാതൊരു കോടതിയേയും അധികാരപ്പെടുത്തുന്നില്ല. 1954-ലെ 43.

## അദ്ധ്യായം V

### ശിക്ഷകൾ

ദ്വിഭാര്യത്വത്തിനുള്ള ശിക്ഷ.

19. (1) ഒരാളുടെ വിവാഹം ഈ ആക്റ്റിൻകീഴിൽ ചടങ്ങനുസരിച്ച് നടത്തപ്പെടുകയോ ചടങ്ങനുസരിച്ച് നടത്തപ്പെട്ടതായി കരുതപ്പെടുകയോ ചെയ്യുമ്പോൾ, അങ്ങനെയുള്ള വിവാഹം നിലവിലിരിക്കേ അയാൾ ഇൻഡ്യയിൽ മറെറാരു വിവാഹം കഴിക്കുന്നതായാൽ ഇൻഡ്യൻ ശിക്ഷാനിയമ സംഹിത, 494-ം 495-ം വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷകൾക്കു വിധേയനാകുന്നതും അപ്രകാരം കഴിക്കപ്പെട്ട വിവാഹം ശൂന്യമായിരിക്കുന്നതും ആകുന്നു. 1860-ലെ 45

(2) അങ്ങനെയുള്ള ഏതെങ്കിലും കുററം ഇൻഡ്യയ്ക്ക് വെളിയിൽവെച്ച് ഏതെങ്കിലും ഇൻഡ്യൻ പൗരൻ ചെയ്താൽ (1)—ാം ഉപവകുപ്പിലെ വ്യവസ്ഥകരം അതിനും ബാധകമാകുന്നതാണ്.

വിവാഹം സംബന്ധിച്ച മററു ചില ഉപാധികരം ഉല്ലംഘിക്കുന്നതിനുള്ള ശിക്ഷ.

20. ഏതെങ്കിലും ഒരു ഇൻഡ്യൻ പൗരൻ ഈ ആക്ററിൻകീഴിൽ ചടങ്ങനുസരിച്ച് നടത്തേണ്ടതായ അയാളുടേയോ അവളുടേയോ വിവാഹം 4-ാം വകുപ്പ് (ഗ) ഖണ്ഡത്തിലോ (ഘ) ഖണ്ഡത്തിലോ വിനിർദ്ദേശിച്ചിട്ടുള്ള ഉപാധിയെ ഉല്ലംഘിച്ചുകൊണ്ട് നടത്തിയെടുക്കുകയാണെങ്കിൽ—

(ക) 4-ാം വകുപ്പ് (ഗ) ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ഉപാധിയുടെ ഉല്ലംഘനത്തിന് പതിനഞ്ചുദിവസംവരെ ആകാവുന്ന വെറും തടവോ, ആയിരം രൂപവരെ ആകാവുന്ന പിഴയോ, രണ്ടും കൂടിയോ;

(ഖ) 4-ാം വകുപ്പ് (ഘ) ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ഉപാധിയുടെ ഉല്ലംഘനത്തിന് പതിനഞ്ചുദിവസംവരെ ആകാവുന്ന വെറും തടവോ, ആയിരം രൂപവരെ ആകാവുന്ന പിഴയോ, രണ്ടും കൂടിയോ,

നൽകി അയാളെ ശിക്ഷിക്കാവുന്നതാണ്.

വ്യാജ പ്രഖ്യാപനത്തിനുള്ള ശിക്ഷ.

21. ഇൻഡ്യയിലെ ഏതെങ്കിലും പൗരൻ ഒരു വിവാഹം നടത്തിയെടുക്കേണ്ട ആവശ്യത്തിന്, ഉദ്ദേശ്യപൂർവ്വം—

(ക) ഈ ആക്ററ് ഒരു പ്രഖ്യാപനം ആവശ്യപ്പെടുന്നിടത്ത്, വ്യാജ പ്രഖ്യാപനം നടത്തുകയോ; അല്ലെങ്കിൽ

(ഖ) ഈ ആക്ററ് ഒരു നോട്ടീസോ സർട്ടിഫിക്കററോ ആവശ്യപ്പെടുന്നിടത്ത്, ഒരു വ്യാജനോട്ടീസോ സർട്ടിഫിക്കററോ ഒപ്പു വയ്ക്കുകയോ,

ചെയ്താൽ, അയാരം മൂന്നുവർഷംവരെ ആകാവുന്ന കാലത്തെ തടവിന് ശിക്ഷിക്കപ്പെടാവുന്നതും, പിഴശിക്ഷയ്ക്കുംകൂടി അർഹനായിരിക്കുന്നതും ആകുന്നു.

വിവാഹ ഉദ്യോഗസ്ഥന്റെ തെററായ നടപടിക്കുള്ള ശിക്ഷ.

22. ഏതെങ്കിലും വിവാഹ ഉദ്യോഗസ്ഥൻ, അറിഞ്ഞുകൊണ്ടും മനഃപൂർവ്വമായും ഈ ആക്ററിലെ വ്യവസ്ഥകളിൽ ഏതെങ്കിലും ഉല്ലംഘിച്ചുകൊണ്ട് ഒരു വിവാഹം ഈ ആക്ററിൻകീഴിൽ ചടങ്ങനുസരിച്ച് നടത്തുകയാണെങ്കിൽ, ഒരു വർഷംവരെ ആകാവുന്ന വെറും തടവോ, അഞ്ഞൂറു രൂപവരെ ആകാവുന്ന പിഴയോ, രണ്ടും കൂടിയോ നൽകി അയാളെ ശിക്ഷിക്കാവുന്നതാണ്.

## അദ്ധ്യായം VI

### പലവക

അന്യ രാജ്യങ്ങളിലെ നിയമമനുസരിച്ച് നടത്തിയ വിവാഹങ്ങളുടെ അംഗീകാരം.

23. വിവാഹം ചടങ്ങനുസരിച്ച് നടത്തുന്നതിന് ഏതെങ്കിലും വിദേശരാജ്യത്ത് പ്രാബല്യത്തിലുള്ള നിയമത്തിൽ ഈ ആക്ററിലുള്ളതുപോലുള്ള വ്യവസ്ഥകളുണ്ടെന്ന് കേന്ദ്ര സർക്കാരിന് ബോദ്ധ്യമുണ്ടെങ്കിൽ അങ്ങനെയുള്ള വിദേശ രാജ്യത്തുവച്ച് അവിടെ പ്രാബല്യത്തിലുള്ള നിയമത്തിൻകീഴിൽ ചടങ്ങനുസരിച്ച് നടത്തുന്ന വിവാഹങ്ങരം ഇൻഡ്യയിലെ കോടതികരം സാധുവായി അംഗീകരിക്കേണ്ടതാണെന്ന്, കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, പ്രഖ്യാപിക്കാവുന്നതാണ്.

വിദേശ രാജ്യത്ത് തദ്ദേശ നിയമമനുസരിച്ച് നടത്തപ്പെടുന്ന വിവാഹങ്ങരം സംബന്ധിച്ച രേഖകളുടെ സർട്ടിഫൈ ചെയ്യൽ.

24. (1) (ക) കേന്ദ്ര സർക്കാർ ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി വിനിർദ്ദേശിക്കുന്ന ഏതെങ്കിലും വിദേശ രാജ്യത്തു വച്ച് ചടങ്ങനുസരിച്ച് നടത്തപ്പെടുന്ന വിവാഹത്തിന്റെ സംഗതിയിൽ വിവാഹം ആ രാജ്യത്ത് പ്രാബല്യത്തിലിരിക്കുന്ന നിയമപ്രകാരം നടത്തുകയും വിവാഹ കക്ഷികളിൽ ഒരാളെങ്കിലും ഇൻഡ്യൻ പൗരനായിരിക്കുകയും;

ഇൻഡ്യൻ പൗരനാരാണോ
(ഖ) വിവാഹ കക്ഷികളിൽ അങ്ങനെയുള്ള
ആ ആ൦ വിവാഹം ചടങ്ങനുസരിച്ച് നടത്തപ്പെട്ട രാജ്യത്തെ വിവാഹ
ഉദ്യോഗസ്ഥൻ മുമ്പാകെ—

(i) ആ രാജ്യത്തെ വിവാഹ രജിസ്ററിൽ പ്രസ്തുത വിവാഹം
സംബന്ധിച്ച ഉരംക്കുറിപ്പിന്റെ ശരിപ്പകർപ്പാണെന്ന് ആ
രാജ്യത്തെ സമുചിത അധികാരി സർട്ടിഫൈ ചെയ്ത ഉരംക്കു
റിപ്പിന്റെ ഒരു പകർപ്പും;

(ii) ആ ഉരംക്കുറിപ്പിന്റെ പകർപ്പ് ഇംഗ്ലീഷ് ഭാഷയിലല്ലെങ്കിൽ
നിർണ്ണയിക്കപ്പെടുന്ന ഭാഷയിലേക്കുള്ള ആ പകർപ്പിന്റെ
തർജ്ജമയും,

ഹാജരാക്കുകയും;

(ഗ) വിവാഹ രജിസ്ററിലെ ഉരംക്കുറിപ്പിന്റെ പകർപ്പ് ശരിപ്പകർപ്പാ
ണെന്നും തർജ്ജമ, വല്ലതുമുണ്ടെങ്കിൽ അതു, ശരിയായ തർജ്ജമയാ
ണെന്നും വിവാഹ ഉദ്യോഗസ്ഥനു ബോദ്ധ്യമാവുകയും,

ചെയ്യുന്നിടത്ത്, നിശ്ചിതഫീസ് ഒടുക്കുമ്പോരം, വിവാഹഉദ്യോഗസ്ഥൻ പകർപ്പിൽ
ആ പകർപ്പ് വിവാഹരജിസ്ററിലെ ഉരംക്കുറിപ്പിന്റെ ശരിപ്പകർപ്പാണെന്നു തനിക്ക്
ബോദ്ധ്യപ്പെട്ടുവെന്നും, തർജ്ജമയിൽ, ആ തർജ്ജമ ആ പകർപ്പിന്റെ ശരിയായ
തർജ്ജമ ആണെന്ന് തനിക്ക് ബോദ്ധ്യപ്പെട്ടുവെന്നും, സർട്ടിഫൈ ചെയ്തു
പ്രസ്തുതകക്ഷിക്ക് ആ പകർപ്പും തർജ്ജമയും നൽകേണ്ടതാണ്.

(2) വിദേശത്തുവച്ച് നടന്ന ഒരു വിവാഹം സംബന്ധിച്ച് (1)–ാം
ഉപവകുപ്പിൻകീഴിൽ നൽകപ്പെടുന്ന ഒരു രേഖ അത് ആ രാജ്യത്തെ സമുചിത
അധികാരി യഥാവിധി നൽകിയിട്ടുള്ള ഒരു സർട്ടിഫിക്കറ്റെന്നപോലെ, ഏതു
നടപടികളിലും തെളിവായി സ്വീകരിക്കേണ്ടതാണ്.

**ഉരംക്കുറിപ്പുകളുടെ സർട്ടിഫൈ ചെയ്ത പകർപ്പു തെളിവായിരിക്കുമെന്ന്.**

25. വിവാഹസർട്ടിഫിക്കററ് ബുക്കിലുള്ള ഉരംക്കുറിപ്പുകളുടെ വിവാഹ
ഉദ്യോഗസ്ഥൻ ഒപ്പിട്ട് സർട്ടിഫൈ ചെയ്തതായി കരുതപ്പെടാവുന്ന ഏതു പകർപ്പും
അസ്സൽ ഹാജരാക്കാതെയും തെളിയിക്കാതെയും തന്നെ, തെളിവായി
സ്വീകരിക്കേണ്ടതാണ്.

**തെററുകരം തിരുത്തൽ.**

26. (1) വിവാഹ സർട്ടിഫിക്കററ് ബുക്കിലെ ഏതെങ്കിലും ഉരംക്കുറി
പ്പിന്റെ രൂപത്തിലോ സാരാംശത്തിലോ എന്തെങ്കിലും തെററു കണ്ടുപിടിക്കുന്ന
ഏതെങ്കിലും വിവാഹ ഉദ്യോഗസ്ഥന് അങ്ങനെയുള്ള തെററു കണ്ടുപിടിച്ചതിനു
ശേഷം അടുത്ത ഒരു മാസത്തിനുള്ളിൽ വിവാഹം കഴിച്ച ആളുകളുടെ സാന്നിദ്ധ്യ
ത്തിലോ, അല്ലെങ്കിൽ അവർ മരിച്ചു പോകുകയോ അസന്നിഹിതരാവുകയോ
ചെയ്യുന്ന സംഗതിയിൽ, മററു രണ്ടു സാക്ഷികളുടെ സാന്നിദ്ധ്യത്തിലോ ആദ്യത്തെ
ഉരംക്കുറിപ്പിനു യാതൊരു വ്യത്യാസവും കൂടാതെ മാർജിനിൽ ഉരംക്കുറിപ്പുചേർത്ത്
ആ തെററു തിരുത്താവുന്നതും അങ്ങനെ തിരുത്തിയ തീയതി അതോടു ചേർക്കേ
ണ്ടതും ആകുന്നു.

(2) ഈ വകുപ്പിൻകീഴിൽ വരുത്തുന്ന ഏതൊരു തിരുത്തലും ഏതു
സാക്ഷികളുടെ സാന്നിദ്ധ്യത്തിലാണോ അതു ചെയ്തത്, ആ സാക്ഷികരം സാക്ഷ്യ
പ്പെടുത്തേണ്ടതാകുന്നു.

**ആക്ററിനു പുറത്തുള്ള വിവാഹങ്ങളുടെ സാധുതയെ ആക്ററ് ബാധിക്കുന്നതല്ലെന്ന്.**

27. ഈ ആക്ററിലുള്ള യാതൊന്നും വിദേശത്തുവച്ച് ഈ ആക്ററിൻ
കീഴിലല്ലാതെ മററുവിധത്തിൽ ചടങ്ങനുസരിച്ച് നടത്തപ്പെടുന്ന വിവാഹങ്ങളുടെ
സാധുതയെ യാതൊരു വിധത്തിലും ബാധിക്കുന്നതല്ല.

**ചട്ടങ്ങരം ഉണ്ടാക്കാനുള്ള അധികാരം.**

നടപ്പാക്കുന്നതിന് കേന്ദ്ര സർ
28. (1) ഈ ആക്ററിന്റെ ലക്ഷ്യങ്ങരം
ക്കാരിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ചട്ടങ്ങരം ഉണ്ടാക്കാവു
ന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധത്തിലും, അങ്ങനെയുള്ള ചട്ടങ്ങൾക്ക് താഴെ പറയുന്ന എല്ലാ കാര്യങ്ങൾക്കും അഥവാ അവയിൽ ഏതെങ്കിലും കാര്യത്തിനു വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) വിവാഹ ഉദ്യോഗസ്ഥൻെറ കർത്തവ്യങ്ങളും അധികാരങ്ങളും അവരുടെ ജില്ലകളും;

(ഖ) വിവാഹ ഉദ്യോഗസ്ഥൻ ഈ ആക്ററിൻകീഴിൽ അന്വേഷണ വിചാരണ നടത്തേണ്ട രീതി;

(ഗ) വിവാഹം സംബന്ധിച്ച നോട്ടീസുകൾ പ്രസിദ്ധീകരിക്കേണ്ട രീതി;

(ഘ) ഈ ആക്ററിൻകീഴിലുള്ള വിവാഹങ്ങൾ ചടങ്ങനുസരിച്ച് നടത്താവുന്ന സ്ഥലവും സമയവും;

(ങ) ഈ ആക്ററ് പ്രകാരമോ ആക്ററിൻകീഴിലോ സൂക്ഷിക്കേണ്ട ഏതെങ്കിലും ബുക്കുകൾ വച്ചു പോരേണ്ട ഫാറവും രീതിയും;

(ച) 17—ാം വകുപ്പ്, (5)—ാം ഉപവകുപ്പിൻകീഴിൽ വിവാഹ സർട്ടിഫിക്കററുകൾ എഴുതിച്ചേർക്കേണ്ട ഫാറവും രീതിയും;

(ഛ) ഈ ആക്ററിൻകീഴിൽ ഒരു വിവാഹ ഉദ്യോഗസ്ഥനെ ഭരമേൽപ്പിച്ചിട്ടുള്ള ഏതെങ്കിലും കർത്തവ്യത്തിൻെറ നിർവ്വഹണത്തിന് ചുമത്താവുന്ന ഫീസ്;

(ജ) വിവാഹസർട്ടിഫിക്കററ് ബുക്കിലെ ഉൾക്കുറിപ്പുകളുടെ പകർപ്പുകൾ ഏതു അധികാരികൾക്ക്, ഏതു ഫാറത്തിൽ എത്ര സമയത്തിനുള്ളിൽ അയയ്ക്കണമെന്നതും, വിവാഹ സർട്ടിഫിക്കററ് ബുക്കിൽ തിരുത്തലുകൾ വരുത്തിയിട്ടുള്ളപ്പോൾ അങ്ങനെയുള്ള തിരുത്തലുകൾ സംബന്ധിച്ച സർട്ടിഫിക്കററ് അധികാരികൾക്ക് ഏതു രീതിയിൽ അയയ്ക്കണമെന്നുള്ളതും;

(ഝ) ഈ ആക്ററിൻകീഴിൽ സൂക്ഷിക്കേണ്ട ബുക്കുകളുടെ പരിശോധനയും അവയിലെ ഉൾക്കുറിപ്പുകളുടെ സർട്ടിഫൈ ചെയ്ത പകർപ്പുകൾ നൽകലും;

(ഞ) 23—ാം വകുപ്പിൻകീഴിൽ ഏതു രീതിയിലും ഏതു ഉപാധികൾക്കു വിധേയമായും ഒരു വിവാഹം അംഗീകരിക്കാമെന്നത്;

(ട) നിർണ്ണയിക്കപ്പെടാവുന്നതോ, നിർണ്ണയിക്കണമെന്ന് അനുശാസിക്കപ്പെടുന്നതോ ആയ മറേറതെങ്കിലും വിഷയം.

(3) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയശേഷം, ആകുന്നത്ര വേഗത്തിൽ പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിൻെറ ഓരോ സഭയുടെയും മുൻപാകെ, ഒരു സമ്മേളനത്തിലോ, തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ ആയി, ആകെ മുപ്പതുദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, ഏതു സമ്മേളനത്തിലാണോ അത് അപ്രകാരം വച്ചിട്ടുള്ളത് ആ സമ്മേളനമോ അതിനു തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ്, ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടമുണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം, ആ ചട്ടത്തിനു, അതതു സംഗതിപോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ, ആ ചട്ടത്തിൻകീഴിൽ മുൻപ് ചെയ്യപ്പെട്ടിട്ടുള്ള ഏതിൻെറയെങ്കിലും സാധുതയ്ക്കു ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.

29. 1954-ലെപ്രത്യേക വിവാഹ ആക്റ്റ്,— 1954-ലെ 43-ാം ആക്റ്റിന്റെ ഭേദഗതി.

(ക) 1-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ "മുൻപറഞ്ഞ പ്രദേശങ്ങൾക്കു വെളിയിൽ" എന്ന വാക്കുകൾക്ക് പകരം "ജമ്മു-കാശ്മീർ സംസ്ഥാനത്തിൽ" എന്ന വാക്കുകൾ ചേർക്കണം ;

(ഖ) 2-ാം വകുപ്പിൽ, (ക), (ഗ) എന്നീ ഖണ്ഡങ്ങൾ വിട്ടുകളയണം;

(ഗ) 3-ാം വകുപ്പിൽ (2)-ാം ഉപവകുപ്പിനുപകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കണം, അതായത്—

"(2) ഈ ആക്റ്റ് വ്യാപിക്കുന്ന ഭൂപ്രദേശങ്ങളിൽ അധിവാസം ഉണ്ടായിരിക്കുകയും ജമ്മു-കാശ്മീർ സംസ്ഥാനത്തു ആയിരിക്കുകയും ചെയ്യുന്ന ഇൻഡ്യൻ പൗരൻമാർക്ക് ഈ ആക്റ്റ് ബാധകമാകുന്നതിൽ, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക്, കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അതിനു യുക്തമെന്നുതോന്നുന്ന കേന്ദ്രസർക്കാരുദ്യോഗസ്ഥൻമാരെ ആ സംസ്ഥാനത്തിനോ അതിന്റെ ഏതെങ്കിലും ഭാഗത്തിനോ വിവാഹ ഉദ്യോഗസ്ഥൻമാരായി വിനിർദ്ദേശിക്കാവുന്നതാകുന്നു.";

(ഘ) 4-ാം വകുപ്പിൽ (ങ) ഖണ്ഡത്തിനുപകരം, താഴെ പറയുന്നഖണ്ഡം ചേർക്കണം, അതായത്:—

"(ങ) വിവാഹം ജമ്മു-കാശ്മീർ സംസ്ഥാനത്തു വച്ച് ചടങ്ങനുഷ്ഠിച്ച് നടത്തുന്നിടത്ത് ഇരു കക്ഷികളും ഈ ആക്റ്റു വ്യാപിക്കുന്ന ഭൂപ്രദേശങ്ങളിൽ അധിവാസമുള്ള ഇൻഡ്യൻ പൗരൻമാർ ആയിരിക്കണം.";

(ങ) 10-ാം വകുപ്പിൽ, "ഈ ആക്റ്റ് വ്യാപിക്കുന്ന ഭൂപ്രദേശങ്ങൾക്ക് വെളിയിൽവച്ച് നടത്താനുദ്ദേശിക്കുന്ന ഒരു വിവാഹം സംബന്ധിച്ച് പ്രസ്തുത ഭൂപ്രദേശത്തിനു വെളിയിൽ" എന്ന വാക്കുകൾക്കുപകരം "ആ സംസ്ഥാനത്തുവച്ചുള്ള ഒരു ഉദ്ദിഷ്ട വിവാഹം സംബന്ധിച്ച്" എന്ന വാക്കുകൾ ചേർക്കണം;

(ച) 50-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ "നയതന്ത്ര ഓഫീസർമാരും കോൺസുലർ ഓഫീസർമാരും മററ് ഓഫീസർമാരും" എന്ന വാക്കുകൾ വിട്ടുകളയണം.

30. 1903-ലെ ഇൻഡ്യൻ ഫോറിൻ മാരിയേജ് ആക്റ്റ് ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു. റദ്ദാക്കൽ. 1903-ലെ 14.

ഒന്നാം പട്ടിക

(5—ാം വകുപ്പു നോക്കുക)

ഉദ്ദിഷ്ട വിവാഹം സംബന്ധിച്ച നോട്ടീസിന്റെ ഫാറം

..............................................ത്തെ വിവാഹ ഉദ്യോഗസ്ഥന്,

ഇതിന്റെ തീയതി മുതൽ മൂന്നുമാസത്തിനകം 1969—ലെ വിദേശ വിവാഹ ആക്ററിൻകീഴിൽ ഞങ്ങൾതമ്മിലുള്ള വിവാഹം ചടങ്ങനുസരിച്ച് നടത്താനുദ്ദേശിക്കുന്നു എന്ന് ഞങ്ങൾ ഇതിനാൽ നിങ്ങൾക്ക് നോട്ടീസ് തരുന്നു.

| | പേരും പിതാവിന്റെ പേരും | അവസ്ഥ | തൊഴിൽ | ജനന തീയതി | വസതി | സ്ഥിര വസതിയും ഇപ്പോഴത്തെ വസതി സ്ഥിരമല്ലെങ്കിൽ അതും | ഇപ്പോഴത്തെ വസതിയിൽ എത്ര കാലമായി താമസിച്ചു വരുന്നുവെന്നത് |
|---|---|---|---|---|---|---|---|
| ക. ഖ. | | അവിവാഹിതൻ/ മൃതഭാര്യൻ/ വിവാഹ മോചനം നേടിയവൻ. | | | | | |
| ഗ. ഘ. | | അവിവാഹിത/ വിധവ/ വിവാഹമോചനം നേടിയവൾ. | | | | | |

19..............തീയതിയായ ഇന്നേദിവസം ഞങ്ങൾ ഒപ്പിട്ടിരിക്കുന്നു.

ഒപ്പ്. ക. ഖ.

ഒപ്പ്. ഗ. ഘ.

## രണ്ടാം പട്ടിക

(12—ാം വകുപ്പു നോക്കുക)

### വരൻ ചെയ്യേണ്ട പ്രഖ്യാപനം

ക.ഖ.,ആയ ഞാൻ താഴെപറയുംപ്രകാരം പ്രഖ്യാപിക്കുന്നു:—

1. ഞാൻ ഈ സമയത്ത് അവിവാഹിതൻ (അതതു സംഗതിപോലെ, മൃതഭാര്യൻ അല്ലെങ്കിൽ വിവാഹമോചനം നേടിയവൻ) ആകുന്നു.
2. എനിക്ക്.....................വയസ്സ് പൂർത്തിയായി.
3. എനിക്ക് ഗ. ഘ. (വധു) വുമായി നിരോധിത ബന്ധത്തിന്റെ ഡിഗ്രികൾക്കുള്ളിൽ ബന്ധമില്ല.
4. ഞാൻ.........................ലെ പൗരനാണ്.
5. ഈ പ്രഖ്യാപനത്തിൽ ഞാൻ പറഞ്ഞിട്ടുള്ള കാര്യങ്ങളിലേതെങ്കിലും വ്യാജമാണെങ്കിൽ ഞാൻ തടവിനും കൂടാതെ പിഴയ്ക്കും അർഹനാകും എന്ന് എനിക്ക് ബോദ്ധ്യമുണ്ട്.

ഒപ്പ്. ക. ഖ. (വരൻ)

### വധു ചെയ്യേണ്ട പ്രഖ്യാപനം

ഗ.ഘ., ആയ ഞാൻ താഴെപറയുംപ്രകാരം പ്രഖ്യാപിക്കുന്നു:—

1. ഞാൻ ഇപ്പോൾ അവിവാഹിത (അതതു സംഗതിപോലെ, വിധവ അല്ലെങ്കിൽ വിവാഹമോചനം നേടിയവൾ) ആകുന്നു.
2. എനിക്ക്............................വയസ്സ് പൂർത്തിയായി.
3. എനിക്ക് ക. ഖ. (വരൻ) യുമായി നിരോധിത ബന്ധത്തിന്റെ ഡിഗ്രികൾക്കുള്ളിൽ ബന്ധമില്ല.
4. ഞാൻ ....................ലെ പൗരിയാണ്.
5. ഈ പ്രഖ്യാപനത്തിൽ ഞാൻ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ ഏതെങ്കിലും വ്യാജമാണെങ്കിൽ ഞാൻ തടവിനും കൂടാതെ പിഴയ്ക്കും അർഹയാകും എന്ന് എനിക്ക് ബോദ്ധ്യമുണ്ട്.

ഒപ്പ്. ഗ. ഘ. (വധു)

മുകളിൽ പറഞ്ഞിട്ടുള്ള ക. ഖ. യും ഗ. ഘ.യും ഞങ്ങളുടെ സാന്നിദ്ധ്യത്തിൽ ഒപ്പുവച്ചു. ഞങ്ങളുടെ അറിവിൽപ്പെട്ടിടത്തോളം ഈ വിവാഹത്തിന് നിയമപരമായ പ്രതിബന്ധം ഒന്നുമില്ല.

| | |
|---|---|
| ഒപ്പ്...................................ജ. ഝ.<br>ഒപ്പ്...................................ട. ഠ.<br>ഒപ്പ്...................................ഡ. ഢ. | മൂന്നു സാക്ഷികൾ. |

(മേലൊപ്പിട്ടു) ച.ഛ.

വിവാഹ ഉദ്യോഗസ്ഥൻ

19 ...............................—ാം തീയതി.

മൂന്നാം പട്ടിക

(14–ാം വകുപ്പ് നോക്കുക)

വിവാഹ സർട്ടിഫിക്കററിനുള്ള ഫാറം

19..........................ആണ്ട്.............................മാസം....................തീയതി ............................... * എന്റെ മുൻപാകെ ഹാജരായി 1969-ലെ വിദേശ വിവാഹ ആക്ററ്,.................... † വകുപ്പു പ്രകാരം ആവശ്യമായ പ്രഖ്യാപനം യഥാവിധി ചെയ്തുവെന്നും ഈ ആക്ററിൻകീഴിൽ അവരുടെ വിവാഹം എന്റെയും താഴെ ഒപ്പു വച്ചിട്ടുള്ള മൂന്നുസാക്ഷികളുടെയും മുൻപാകെ ചടങ്ങനുസരിച്ച് നടത്തപ്പെട്ടു വെന്നും ച.ഛ.ആയ ഞാൻ, ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു.

ഒപ്പ്. ച. ഛ.

വിവാഹ ഉദ്യോഗസ്ഥൻ.

ഒപ്പ്. ക. ഖ. (വരൻ)

ഒപ്പ്. ഗ. ഘ. (വധു)

ഒപ്പ്. ജ. ഝ.
ഒപ്പ്. ട. ഠ. | മൂന്ന് സാക്ഷികൾ.
ഒപ്പ്. ഡ. ഢ.

[19................–ാം തീയതി]

---

* ഇവിടെ കക്ഷികളെ സംബന്ധിച്ച വിവരങ്ങൾ നൽകുക.

† വകുപ്പു കാണിക്കുക.

C. RAMAN MENON,
*Additional Secretary to the Government of India.*